**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5897

04.11.2016-ൽ മറുപടിയ്ക്ക്

## സീപോർട്ട്- എയർപോർട്ട് റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം സീപോർട്ട്-എയർപോർട്ട് റോഡിൽ ശാസ്ത്രീയമായ മാറ്റങ്ങൾ & വരുത്തി നാലുവരിപ്പാത പൂർത്തിയാക്കുന്നത് പരിഗണനയിലുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ആയതിലേക്ക് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ? | (എ) (ബി) സീപോർട്ട് - എയർപോർട്ട് റോഡ് നാലുവരിപ്പാതയാക്കുന്നതിനു വേണ്ടി ഒന്നാം ഘട്ടമായി 27.02.2013-ലെ സ.ഉ.(സാധാ) നം. 287/13/പൊ.മ.വ പ്രകാരം 25 കോടി രൂപ 2013-14 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നൽകിയിരുന്നു. ഈ ഫണ്ട് ഉപയോഗിച്ച് എച്ച്.എം.ടി മുതൽ ഭാരതമാതാ കോളേജ് വരെയുള്ള 2.4 കി.മീ. ഭാഗം നാലുവരിയാക്കി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഭാരതമാതാ കോളേജ് മുതൽ എറണാകുളം കളക്ടേറ്റ് വരെയുള്ള 2 കി.മീ. റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള 28.5 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം പരിഗണിക്കാൻ കഴിഞ്ഞില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ